പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 158 — 17.12.2012-ൽ മറുപടിക്ക്

## മത്സ്യത്തൊഴിലാളികളുടെ സുരക്ഷ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. സി. മമ്മൂട്ടി<br>ശ്രീ. പി.കെ.ബഷീർ<br>ശ്രീ.പി.ഉബൈദുള്ള<br>ശ്രീ.റ്റി.എ.അഹമ്മദ് കബീർ | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | മത്സ്യത്തൊഴിലാളികളുടെ സുരക്ഷ സംബന്ധിച്ച് നിലവിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാം; വിശദമാക്കുമോ; | (എ) & (ബി) | മത്സ്യബന്ധനത്തിനിടെ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷപ്പെടുത്തുന്നതിനായി ഫിഷറീസ് വകുപ്പിന്റെ 3 പട്രോൾ ബോട്ടുകളും വാടക ബോട്ടുകളും ഉപയോഗപ്പെടുത്തുന്നു. നിലവിലുള്ള അഞ്ച് ഫിഷറീസ് സ്റ്റേഷനുകളിലും (വിഴിഞ്ഞം, നീണ്ടകര, വൈപ്പിൻ, ബേപ്പൂർ, കണ്ണൂർ) ഓരോ ബോട്ട് വീതവും വാടകയ്ക്ക് എടുത്ത് രക്ഷാപ്രവർത്തനം നടത്തുന്നുണ്ട്. ഫിഷറീസ് സ്റ്റേഷനുകളിൽ രക്ഷാ പ്രവർത്തനം നടത്തുന്നതിനായി ഓരോ ഇൻഫ്ലാറ്റബിൾ ബോട്ട് വീതം നിലവിലുണ്ട്. മറൈൻ എൻഫോഴ്സ്മെന്റിന്റെ സഹായത്തോടെയാണ് രക്ഷാ പ്രവർത്തനം നടത്തുന്നത്. പട്രോൾ ബോട്ടുകളും ഫിഷറീസ് സ്റ്റേഷനുമായി ബന്ധപ്പെടുത്തുന്നതിന് വൺ-ടു-വൺ വയർലെസ് കമ്മ്യൂണിക്കേഷൻ സിസ്റ്റവും വാർത്താവിനിമയത്തിനു വേണ്ടി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് മൊബൈൽ ഫോണുകളും നൽകിയിട്ടുണ്ട്. |
| (ബി) | അപകടത്തിൽപ്പെടുന്നവരെ കണ്ടെത്തുവാനും, അടിയന്തിര രക്ഷാ പ്രവർത്തനങ്ങൾ നടത്തുവാനും ഇപ്പോഴുള്ള സംവിധാനം പര്യാപ്തമല്ലെന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | | |
| | | | കടൽ രക്ഷാ പ്രവർത്തനത്തിന് ഉപയോഗിക്കുന്ന പട്രോൾ ബോട്ടുകളിൽ കടൽ രക്ഷാ പ്രവർത്തനത്തിൽ വിദഗ്ധ പരിശീലനം ലഭിച്ച കടൽ സുരക്ഷാ സേനാംഗങ്ങളുടെ സേവനവും ഉപയോഗപ്പെടുത്തുന്നു. ലൈഫ്ബോയ്, ലൈഫ് ജാക്കറ്റ് എന്നിവ ഉൾപ്പെടെയുള്ള സുരക്ഷാ ഉപകരണങ്ങളും ഫിഷറീസ് സ്റ്റേഷനുകളിൽ വാങ്ങി നൽകിയിട്ടുണ്ട്. വളരെ അടിയന്തിര സാഹചര്യങ്ങളിൽ ഇന്ത്യൻ കോസ്റ്റ് ഗാർഡ്, ഇന്ത്യൻ നേവി എന്നിവയുടെ സേവനവും ലഭ്യമാക്കുന്നു. |

| | | | |
|---|---|---|---|
| (സി) | കടലിൽ പോകുന്ന യാനങ്ങളെ നിരീക്ഷിക്കുന്നതിനും അത്യാവശ്യ ഘട്ടങ്ങളിൽ സഹായിക്കുന്നതിനും ഉപഗ്രഹ സംവിധാനം കൂടി ഉപയോഗപ്പെടുത്തിയുള്ള പദ്ധതി ആവിഷ്കരിച്ച് കുറ്റമറ്റരീതിയിൽ നടപ്പാക്കുമോ ? | (സി) | സുനാമി അടിയന്തിര സഹായ പദ്ധതി/സുനാമി പുനരധിവാസ പദ്ധതി/പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസനിധി എന്നീ പദ്ധതികൾ പ്രകാരം ഉപഗ്രഹ സംവിധാനം വഴി പ്രവർത്തിക്കുന്ന ബീക്കൺ ഉൾപ്പെടെയുള്ള സുരക്ഷാ ഉപകരണങ്ങൾ പരമ്പരാഗത യാനയുടമകൾക്ക് വിതരണം ചെയ്തിട്ടുണ്ട്. മത്സ്യത്തൊഴിലാളികളുടെ സുരക്ഷയെ മുൻനിർത്തി മത്സ്യത്തൊഴി ലാളികൾക്ക് ബയോമെട്രിക് തിരിച്ചറിയൽ കാർഡ് വിതരണം ചെയ്തു വരുന്നു. മത്സ്യത്തൊഴിലാളികളുടെ സുരക്ഷയും ആപത്ഘട്ടങ്ങൾ ലഘൂകരിക്കുന്നതിനുമായി 2012-13 ൽ 'Integrated Coastal Security Scheme' എന്ന പേരിൽ രണ്ടു കോടി രൂപ അടങ്കൽ തുകയുള്ള ഒരു പദ്ധതി ഫിഷറീസ് ഡയറക്ടർ സമർപ്പിച്ചത് സർക്കാർ പരിഗണനയിലാണ്. പ്രസ്തുത പദ്ധതിയുടെ പ്രധാന ഘടകങ്ങൾ ചുവടെ ചേർക്കുന്നു.<br>• Holographic Registration Plate<br>• Control and Surveillance System<br>• Vessel tracking System<br>• Providing coastal security equipment to fishermen<br>• Wireless or mobile connectivity to all fishing boats<br>• Intensive training on naval laws and coastal Security measures.<br>• VHF Marine Radio. |

Jayasree

സെക്ഷൻ ഓഫീസർ